**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2718** **12.03.2018 ൽ മറുപടിയ്ക്ക്**

## മൂന്നാർ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം

**ചോദ്യം**
**ശ്രീ.പി.ടി. തോമസ്**
**ശ്രീ. ഷാഫി പറമ്പിൽ**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. വി.ടി.ബൽറാം**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാർ മേഖലയിലെ പരിസ്ഥിതി സന്തുലനം, വിനോദ സഞ്ചാരം എന്നീ ഘടകങ്ങൾ പരിശോധിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)1801/2010-ാം നമ്പർ കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം മൂന്നാർ മേഖലയിലെ പരിസ്ഥിതി സന്തുലനം, മറ്റു ഘടകങ്ങൾ എന്നിവ പരിഗണിച്ച് മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതാണ്. |
| (ബി) | നിയമവിരുദ്ധമായി സർക്കാർ ഭൂമി കയ്യേറിയ കേസുകളിൽ നിയമനടപടികളിലൂടെ കയ്യേറ്റമൊഴിപ്പിച്ച്അവ പിടിച്ചെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (ബി) അനധികൃതമായി സർക്കാർഭൂമി കയ്യേറിയ കേസുകളിൽ ഭൂസംരക്ഷണ നിയമ പ്രകാരം കയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതും, കോടതികളുടെ പരിഗണനയിലിരിക്കുന്ന കേസുകളിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (സി) | നിലവിൽ വൻകിട കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; 2017 ൽ എത്ര വൻകിട കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു; | (സി) അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് ഒഴിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതാണ്. |
| (ഡി) | വൻകിട കയ്യേറ്റക്കാർ കോടതിയിൽ നിന്നും സ്റ്റേ വാങ്ങുന്ന സാഹചര്യത്തിൽ പ്രസ്തുത കേസുകൾ ആർജ്ജവത്തോടെ നടത്തുന്നതിനും, സർക്കാരിന്റെ താല്പര്യം സംരക്ഷിക്കുന്നതിനും ഉതകുന്ന നടപടികൾ കൈക്കൊള്ളുമോ? | (ഡി) കയ്യേറ്റക്കാർ കോടതിയിൽ നിന്നും സ്റ്റേ വാങ്ങുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള കോടതി കേസുകൾ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യതയോടെ നടത്തിവരുന്നതും, സർക്കാർ താല്പര്യം സംരക്ഷിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ